# ചാച്ചാജിയുടെ ഓട്ടോഗ്രാഫ്

• സമ്പാ: ധന്യ. എം.ബി



ഭാരതത്തിന്റെ ആദ്യത്തെ പ്രധാന മന്ത്രിയാണ് ജവഹർലാൽ നെഹ്റു.സ്വാതന്ത്ര്യ സമര നേതാവ്,പണ്ഡിതൻ ,ദാർശനികൻ,ഗ്രന്ഥകർത്താവ്, ചരിത്രകാരൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തിന് പൂക്കളെയും കുട്ടികളെയും വലിയ ഇഷ്ടമായിരുന്നു.കുട്ടികൾ അദ്ദേഹത്തെ സ്നേഹത്തോടെ 'ചാച്ചാ' (അങ്കിൾ) എന്നു വിളിച്ചു.

ഒരിക്കൽ ഗ്രാമത്തിൽ നിന്നും കുറെ കുട്ടികൾ അദ്ദേഹത്തിന്റെ ക്ഷണപ്രകാരം തീൻമൂർത്തിഭവനിൽ അദ്ദേഹത്തെ കാണാനെത്തി. അദ്ദേഹം അവരോടൊത്ത് കളിക്കുക യും തമാശകൾ പറയുകയും ചെയ്തു.

'ഡൽഹിയിൽ എന്തെല്ലാം കാഴ്ചകൾ കണ്ടു? ചാച്ചാജി കുട്ടികളോട് ചോദിച്ചു.

'ജുമാമസ്ജിദ്, ചെങ്കോട്ട, രാഷ്ട്രപതി ഭവൻ, കുത്തബ് മിനാർ, ജന്തർ മന്ദിർ..' കുട്ടികൾ പറഞ്ഞു.

ഇതിൽ ഏറ്റവും ഇഷ്ടപ്പെട്ടത് ഏതാണ്? അദ്ദേഹം ചോദിച്ചു.

'ചാച്ചാ നെഹ്റു' കുട്ടികൾ എല്ലാവരും കൂടി പറഞ്ഞു.

കൂട്ടത്തിൽ ഒരു ആൺകുട്ടി ഒരു ഓട്ടോഗ്രാഫ് ബുക്കെടുത്ത് നെഹ്റുവിന് നേരെ നീട്ടി.

'ചാച്ചാജി ഓട്ടോഗ്രാഫ് തന്നാലും' അവൻ അഭ്യർത്ഥിച്ചു. നെഹ്റു ബുക്കിൽ ഒപ്പിട്ടുകൊടുത്തു.കുട്ടി ബുക്കിൽ നോക്കി എന്നിട്ട് പറഞ്ഞു. 'ചാച്ചാജി അങ്ങ് താരിഖ് (തീയതി) എഴുതാൻ മറന്നിരിക്കുന്നു.'

നെഹ്റു ഒപ്പിനു താഴെ തീയതി എഴുതി. കുട്ടി വീണ്ടും പറഞ്ഞു. 'ചാച്ചാജി അങ്ങ് എന്തെങ്കിലും സന്ദേശം കൂടി എഴുതി തന്നാലും'

നെഹ്റു ചിരിച്ചുകൊണ്ട് പുസ്തകത്തിൽ ചെറിയ സന്ദേശമെഴുതി.

ഓട്ടോഗ്രാഫ് പുസ്തകം തിരികെ വാങ്ങി നോക്കിയ കുട്ടി അത്ഭുതപ്പെട്ടു.

നെഹ്റു ഒപ്പിട്ടിരിക്കുന്നത് ഇംഗ്ളീഷിലും തീയതി ഉർദുവിലും സന്ദേശം ഹിന്ദിയിലുമാണ് എഴുതിയിരിക്കുന്നത്.

കുട്ടി നെഹ്റുവിനെ ചോദ്യഭാവത്തിൽ നോക്കി. അദ്ദേഹം പറഞ്ഞു.

'കുഞ്ഞേ,നീ ഓട്ടോഗ്രാഫ്' ഇംഗ്ളീഷിലും 'താരിഖ്' ഉർദുവിലും 'സന്ദേശ്' ഹിന്ദിയിലും ആണ് ആവശ്യപ്പെട്ടത്. അതാണ് ഇപ്രകാരം എഴുതിയത്!

കൂട്ടുകാരെ അതായിരുന്നു ചാച്ചാ നെഹ്റു. കുട്ടികളുമായി സംവദിക്കാൻ അദ്ദേഹം എപ്പോഴും സമയം കണ്ടെത്തിയിരുന്നു.

◆

▸▸ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന അഴിമതിവിരുദ്ധ സംവിധാനം– ലോകായുക്ത